بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 05/06/2015

**(17 SHABAAN 1436 Hijiri)**

**Hazrat Khalifathullah Munir Ahmad Azim (A)**

## The Month of Shabaan & The concept of Shabe-Baraat

## ശഅ്ബാൻ മാസവും ബറാഅത്ത് സങ്കൽപ്പവും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

അൽഹംദുല്ലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ് ! റമദാൻ മാസത്തിന്റെ വരവോടെ രണ്ടാഴ്ച്ചക്കകം ഇൻശാ അല്ലാഹ് നാം ഒരിക്കൽകൂടി അനുഗ്രഹിക്കപ്പെടുകയാണ്. റമദാൻ മാസം അല്ലാഹുവിന്റെ മാസമാണ്. ഈ മാസത്തിൽ തന്റെ എല്ലാ ഭക്തദാസന്മാരോടും വ്യതമനുഷ്ഠിക്കുവാൻ കൽപ്പിച്ചിരിക്കുന്നു. മറ്റു മാസങ്ങളെക്കാൾ അധികമായി, ഈ മാസത്തിൽ അല്ലാഹുവിനെ സ്മരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. തദ്വാര നിങ്ങൾ അവന്റെ കാരുണ്യത്തിലും സാമീപ്യത്തിലും എത്തിച്ചേരുന്നതാണ്. നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ, റമദാൻ മാസത്തിനുമുൻപ്, ശഅ്ബാൻ മാസമാണ്. ഒരു മുസ്ലീമിനെ സംബന്ധിച്ചിടത്തോളം ശഅ്ബാൻ മാസം വളരെ പ്രധാനപ്പെട്ടതാണ്. ഹസ്രത് അബ്ദുൽ ഖാദിർജീലാനി (റ) ശഅ്ബാൻ മാസത്തിന്റെ അക്ഷരങ്ങളെ സംബന്ധിച്ച് ഇപ്രകാരം വിവരിക്കുകയുണ്ടായി. 1) ഷീൻ - ഷറഫ് - ആദരവ് 2) ഐൻ-ഉലുവ് - ഉന്നതി (3) ബാ-ബിർ - ധാർമ്മികൗന്നത്യം (4) അലിഫ് - ഉൽഫത് - സൗഹൃദം (5) നൂൻ - നൂർ - പ്രകാശം.

ശഅ്ബാൻ മാസത്തിലാണ്, ഇസ്ലാമിക് കലണ്ടറിലെ എട്ടാമത്തെ മാസം, ഇതിൽ നമ്മുടെ പ്രിയങ്കരനായ പരിശുദ്ധ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ), റമദാൻ മാസത്തെ സ്വാഗതം ചെയ്യാനായി ശാരീരികമായും ധാർമ്മികമായും, ആത്മീയമായും തയ്യാറെടുക്കുമായിരുന്നു. അദ്ദേഹം പറഞ്ഞു **"അനേകം ആളുകൾ ഈ മാസത്തിന്റെ പ്രാധാന്യം ശരിക്കും മനസ്സിലാക്കിയിട്ടില്ലാത്തവരാകുന്നു. ഇത് റജബിന്റെയും റമദാന്റെയും ഇടയിലുള്ള മാസമാണ്. ഈ മാസത്തിൽ ജനങ്ങളുടെ പ്രവർത്തനങ്ങളെ ലോകനാഥന്റെ അടുത്തേക്ക് ഉയർത്തപ്പെടുന്നതാണ്. ഞാൻ വ്യതാനുഷ്ഠാനത്തിലായിരിക്കുന്ന അവസരത്തിൽ എന്റെ പ്രവർത്തനങ്ങൾ ഉയർത്തപ്പെടുവാൻ ഞാൻ ഇഷ്ടപ്പെടുന്നു."** (നസാഈ) ഹസ്രത് ആയിശാ (റ) പറഞ്ഞതായി ഇമാം ബുഖാരി തന്റെ ഹദീസ് ഗ്രന്ഥത്തിൽ ഒരു വിവരണം നൽകുന്നുണ്ട്. **"തന്റെ വ്യതം മുറിച്ചിട്ടേയില്ലാ എന്ന് തോന്നുമാറ് അല്ലാഹുവിന്റെ ദൂതൻ വ്യതമനുഷ്ഠിക്കുമായിരുന്നു.; അദ്ദേഹം വ്യതമനുഷ്ഠിച്ചിട്ടേയില്ല എന്ന് കരുത്മാറ്, അദ്ദേഹം വ്യതമനുഷ്ഠിക്കുമായിരുന്നില്ല. റമദാൻ മാസമല്ലാത്ത ഒരുമാസം മുഴുവൻ വ്യതമനുഷ്ഠിച്ചതായി അല്ലാഹുവിന്റെ ദൂതനെ ഞാൻ കണ്ടിട്ടില്ല. ശഅ്ബാൻ മാസത്തെക്കാൾ കൂടുതൽ വ്യതമനുഷ്ഠിച്ചിട്ടുള്ള മറ്റൊരു മാസവും കണ്ടിട്ടില്ല."**

ശഅ്ബാൻ മാസത്തിലെ അവസാനത്തെ ഒന്നോ രണ്ടോ ദിവസം നോമ്പ് അനുഷ്ഠിച്ച് റമദാൻ മാസത്തെ സ്വാഗതം ചെയ്യുക എന്ന് പറഞ്ഞ് ഉപദേശിക്കുന്നത് ശരിയല്ല. അബൂഹുറൈറ (റ) വിവരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) പറഞ്ഞു. **"റമദാന് മുമ്പ് ഒന്നോ രണ്ടോ ദിവസം നോമ്പ് അനുഷ്ഠിച്ച് റമദാനെ പ്രതീക്ഷിക്കരുത്; അയാൾക്ക് അതൊരു പതിവാണെങ്കിൽ അങ്ങനെ ചെയ്തുകൊള്ളട്ടെ"** (ബുഖാരി)

നിർബന്ധമായി ചെയ്യേണ്ടതും, സ്വമനസ്സാലെ ചെയ്യേണ്ടതുമായ കാര്യങ്ങളെ വേർതിരിച്ചറിയുവാൻ ഈ ഹദീസ് നമ്മെ സഹായിക്കുന്നു. മറ്റൊരു ഹദീസിൽ, അന്നസായിയിൽ, വിവരിച്ചിരിക്കുന്നു. ഹസ്രത് ഉമ്മു സൽമ (റ) യിൽ നിന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശഅ്ബാൻ മാസമല്ലാത്ത മറ്റൊരു മാസത്തിലും പ്രവാചകൻ (സ) പൂർണ്ണമായും വ്രതമനുഷ്ഠിച്ചിട്ടില്ല. അദ്ദേഹം ശഅ്ബാൻ മാസത്തെ വ്രതം റമദാൻ മാസത്തെ വ്രതവുമായി ചേർത്ത് പിടിച്ചിരുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഒരു മനുഷ്യൻ എന്ന നിലയിൽ ആർക്കും തുടർച്ചയായി വ്രതമനുഷ്ഠിക്കാവുന്നതാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) വല്ലപ്പോഴുമൊക്കെ വ്രതമനുഷ്ഠിക്കുകയും എന്നാൽ അത് റമദാൻ മാസവുമായി ചേർത്ത്, റമദാനിൽ വ്രതമനുഷ്ഠിച്ച് പൂർത്തിയാക്കുകയായിരുന്നു പതിവ്. അഥവാ ശഅ്ബാൻ മാസത്തിന്റെ അവസാനത്തിൽ നിന്ന് ചാടികടന്ന് റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുകയും, കാരണം അത് ഒരു നിർബന്ധ കർമ്മമാണെന്ന നിലയിൽ മനസ്സിലാക്കുവാനും അല്ലാതെ അതൊരു സ്വമേധായായുള്ള കർമ്മമല്ലെന്നും മനസ്സിലാക്കുവാനുമായിരുന്നു അപ്രകാരം ചെയതത് എന്നാൽ അദ്ദേഹം റമദാൻ മാസത്തെ ബഹുമാനിക്കുവാനായി അതിന്റെ തയ്യാറെടുപ്പുകൾ ശഅ്ബാൻ മാസത്തിൽ തന്നെ തുടങ്ങിയിരിക്കും.

നബികരീം (സ) വ്രതാനുഷ്ഠാനത്തോടൊപ്പം, തന്റെ സമയം പരമാവധി ദൈവസ്മരണയ്ക്കായി പ്രയോജനപ്പെടുത്തിയിരുന്നു. അധിക പ്രാർത്ഥനകളിലും, (നഫ്ൽ നമസ്ക്കാരങ്ങൾ) ദു ആകളിലും, അല്ലാഹുവിനെ സ്മരിക്കുന്നതിലുമായി (ദിക്റുല്ലാഹ്) സമയം ചെലവൊഴിച്ചു. കീർത്തികേട്ട ഹദീസ് ഗ്രന്ഥങ്ങളിൽ അല്ലെങ്കിലും ഹസ്രത് മുഹമ്മദ് (സ) പറഞ്ഞതായി, ശഅ്ബാൻ 15ന്റെ രാത്രിയിലെ പ്രാധാന്യത്തെക്കുറിച്ച് എടുത്ത് പറഞ്ഞിട്ടുണ്ട്. ഹസ്രത് ആയിശാ (റ) പറഞ്ഞിരിക്കുന്നു. **"അല്ലാഹുവിന്റെ ദൂതൻ (സ) പ്രാർത്ഥനയ്ക്കായി രാത്രിയിൽ എഴുന്നേൽക്കുകയും എന്നിട്ട് അദ്ദേഹം സുജൂദിൽ വളരെയധികം സമയം ചെലവൊഴിക്കുകയും ചെയ്തു. ഞാൻ വിചാരിച്ച് പോയി അദ്ദേഹത്തിന്റെ ആത്മാവിനെ തിരിച്ചു വിളിച്ചുവെന്ന്."** ഞാൻ ഇത് കണ്ടപ്പോൾ, ഞാൻ എഴുന്നേറ്റ് അദ്ദേഹത്തിന്റെ കാല് ചലിപ്പിക്കാൻ നോക്കി, അപ്പോഴേക്കും അദ്ദേഹം അനങ്ങി, അതിനാൽ ഞാൻ പിൻമാറി. സുജൂദിൽ നിന്ന് ഉയർന്നപ്പോൾ, പ്രാർത്ഥന പൂർത്തിയായപ്പോൾ അദ്ദേഹം പറഞ്ഞു. **" ഹേ! ആയിശാ, ഹേ സുന്ദരിക്കുട്ടീ, നീയുമായുള്ള വ്യവസ്ഥ ലംഘിച്ചു എന്ന് കരുതിയോ ? അവർ മറുപടി പറഞ്ഞു. "**ഇല്ല, അല്ലാഹു സത്യമായിട്ടും ഇല്ല. അല്ലാഹുവിന്റെ ദൂതരെ ! എന്നാൽ ഞാൻ വിചാരിച്ചു നിങ്ങളുടെ ആത്മാവിനെ തിരിച്ചു വിളിച്ചു എന്ന് കാരണം വളരെ നേരം അങ്ങ് സുജൂദിലായിരുന്നുവല്ലോ പ്രവാചകൻ (സ) പറഞ്ഞു. ഈ രാത്രി ഏതാണെന്നു നിനക്കറിയാമോ ? അവർ (റ) പറഞ്ഞു. **"അല്ലാഹുവും അവന്റെ പ്രവാചകനുമാണ് ഏറ്റവും നന്നായി അറിയുന്നത്." റസൂൽ (സ) പറഞ്ഞു ഈ രാത്രി ശഅ്ബാൻ പതിനഞ്ചിന്റെ രാത്രിയാണ്. നിശ്ചയമായും മഹത്വമുടയവനായ അല്ലാഹു അവന്റെ പ്രൗഢമായ നോട്ടം, തന്റെ ദാസന്മാരുടെമേൽ, ഈ രാത്രിയിൽ ഉണ്ടാകുന്നതാണ്. മാപ്പു ചോദിക്കുന്നവർക്ക് അവൻ മാപ്പ് കൊടുക്കുന്നു. കരുണ ചോദിക്കുന്നവർക്ക് അവന്റെ കാരുണ്യം കൊടുക്കുന്നു. അസൂയയും വിദ്വേഷവും പുലർത്തുന്നവർക്ക് അവരുടെ അവസ്ഥയ്ക്ക് മാറ്റം വരുന്നതിന് സമയം നീട്ടിക്കൊടുക്കുന്നതാണ്." (ബൈഹഖീ)**

ഇസ്ലാമിക ചരിത്രത്തിൽ ശഅ്ബാൻ മാസത്തിന്റെ പ്രാധാന്യം വളരെ വലുത് തന്നെയാണ്.എന്നിരുന്നാലും നൂറ്റാണ്ടുകളിലൂടെ ചില നൂതന സമ്പ്രദായങ്ങൾ ഇതിൽ കടന്നുകൂടിയിട്ടുണ്ട്. ശഅ്ബാൻ പതിനഞ്ചിന്റെ പ്രാധാന്യം ആവശ്യത്തെക്കാൾ ഉപരി കടന്നുകൂടിയിട്ടുണ്ട്. ശഅ്ബാൻ പതിനഞ്ചിന് മുഹമ്മദ് (സ) നിർവ്വഹിച്ച ആരാധനയുടെ പ്രാധാന്യത്തിന് ഒരു കുറവും വരുത്താവതല്ല. ഈ രാത്രിയിൽ ചെയ്യേണ്ട പ്രത്യേക പ്രാർത്ഥനാ രീതിയൊന്നും നൽകിയിട്ടില്ല. ഈ രാത്രിയ്ക്കായി പ്രത്യേക നമസ്ക്കാരവും നിർദ്ദേശിച്ചിട്ടില്ല. എന്നാൽ ശഅ്ബാൻ പതിനഞ്ച് രാത്രിയിൽ ചില പണ്ഡിതന്മാർക്കും, മുജദ്ദിദീങ്ങൾക്കും അല്ലാഹുവിൽ നിന്ന് ചില അടയാളങ്ങൾ ലഭിച്ചിട്ടുണ്ട്.

ഒരു ഉദാഹരണം :- ഹസ്രത് ഉമർ ഇബ്നു അബ്ദുൽ അസീസ് (റ) ആ ദിവസം രാത്രിയിൽ,തന്റെ പ്രാർത്ഥന കളൊക്കെ പൂർത്തീകരിച്ച ശേഷം, അദ്ദേഹം ഒരു പച്ച പേപ്പർ കഷണം കാണുന്നു. ആ പേപ്പറിൽ നിന്നും പ്രകാശം വമിക്കുന്നു; അത് ആകാശത്തെ പ്രഭാമയമാക്കുന്നു; അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; ഇത് അല്ലാഹുവിൽ നിന്ന് തന്റെ ദാസൻ ഉമറുഇബ്നു അബ്ദുൽ അസീസിനുള്ള ഒരു ഭാഗമാകുന്നു. നരക ശിക്ഷ യിൽ നിന്നുള്ള രക്ഷയുടെ ഉറപ്പായി അല്ലാഹു അദ്ദേഹത്തിന് നൽകിയതാകുന്നു.

ശഅ്ബാൻ മദ്ധ്യ രാത്രിയിൽ അനുഗ്രഹങ്ങളാൽ നിറയപ്പെട്ടതാകുകയും, വിശുദ്ധ പ്രവാചകൻ (സ) അത് ആദരിക്കുകയും ചെയ്തിരുന്നു. മുസ്ലീം ഉമ്മത്തിലെ ഒരു വിഭാഗം പറയുന്നു. അപ്രകാരം അനുഗ്രഹീ തമായിരുന്നെന്ന് വിശുദ്ധ ഖുർആൻ അദ്ധ്യായനം 44 അദ്ദുഖാനിൽ പറയുന്നു. അവർ ഉദ്ധരിക്കുന്ന വചനം Xnsg; dbp¶ p. A Ãnh p (X) ] dbp¶ p. **“സ്പഷ്ഠമായി വിവരിക്കുന്ന ഈ ഗ്രന്ഥത്തെക്കൊണ്ട് സത്യം. തീർച്ചയായും നാം ഇതിനെ ഒരു അനുഗ്രഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നാം (തിന്മയ്ക്കെതിരിൽ) എപ്പോഴും മുന്നറിയിപ്പ് നൽകുന്നവരാണ്. അതിൽ (ആ രാത്രിയിൽ) ജ്ഞാനപൂർണ്ണമായ എല്ലാ കൽപ്പനകളും വേർതിരിച്ചു വിവരിക്കപ്പെടുന്നു. നമ്മുടെ പക്കൽ നിന്നുള്ള കൽപ്പന എന്ന നിലയ്ക്കാണത്. തീർച്ചയായും നാം എപ്പോഴും പ്രവാചകന്മാരെ അയച്ചുകൊണ്ടിരുന്നിട്ടുണ്ട്.” (44:3 – 6)**

വിശുദ്ധ ഖുർ ആൻ നാം പഠന വിധേയമാക്കുമ്പോൾ അല്ലാഹു (ത) അവന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ (അദ്ധ്യായം 2ൽ) പറഞ്ഞിട്ടുണ്ട്. റമദാൻ മാസത്തിലാണ് ഖുർആൻ അവതരിച്ചതെന്ന് അതുകൊണ്ട് **“ലൈല ത്തിൽ മുബാറക്ക്”** എന്നത് **“ലൈലത്തുൽ ഖദ്ർ”** നെ അഥവാ വിധിരാത്രി, അനുഗ്രഹീത രാത്രി (അദ്ധ്യായം 97 ൽ പറഞ്ഞിരിക്കുന്ന) യിലാണ് ഖുർ ആൻ അവതരിച്ചതെന്ന്; അതും വളരെ വ്യക്തമായി റമദാൻ മാസത്തി ലുമാണ്. മാത്രമല്ല, സുനൻ നസായിൽ, പറഞ്ഞതുപോലെ, മുഹമ്മദ് (സ) പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരി ക്കുന്നു. **“ ഈ മാസത്തിൽ ജനങ്ങളുടെ പ്രവർത്തനങ്ങൾ ലോക രക്ഷിതാവിലേക്ക് ഉയർത്തപ്പെടുന്നു. ഞാൻ വ്രതമനുഷ്ഠിച്ചിരിക്കുന്ന അവസ്ഥയിൽ എന്റെ പ്രവർത്തികൾ ഉയർത്തപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കു ന്നു.”** ഇവിടെ മുഹമ്മദ് (സ) ഒരു പ്രത്യേക രാത്രിയെക്കുറിച്ച് പറഞ്ഞിട്ടില്ല; മറിച്ച് ശഅ്ബാൻ മാസം മൊത്ത ത്തിലാണ് പറയപ്പെട്ടത്. മനുഷ്യരുടെ പ്രവർത്തനങ്ങൾ ഉയർത്തപ്പെടുന്നത് ശഅ്ബാൻ മാസത്തിലാണ്. അതു കൊണ്ടാണ് ഹസ്രത് മുഹമ്മദ് (സ) തന്റെ പ്രവർത്തനങ്ങളുടെ സൂക്ഷ്മ പരിശോധന, താൻ പരിശുദ്ധവും അല്ലാഹു അംഗീകരിക്കുന്നതുമായ ഒരവസ്ഥയിലായിരിക്കണം ആ സൂക്ഷ്മ പരിശോധന നടത്തേണ്ടത് എന്ന് ആഗ്രഹിച്ചത് ! വ്രതാനുഷ്ഠാനത്തിന്റെ പ്രതിഫലം അല്ലാഹു തന്നെയാണ്; മറ്റൊന്നുമല്ലല്ലോ ആയതിനാൽ അവിടുന്ന് വ്രതാനുഷ്ഠാനത്തിലായിരിക്കുവാൻ ആഗ്രഹിച്ചു.

പ്രത്യേകതരം ആഹാരം പാകം ചെയ്യുന്ന ആചാരം, ശഅ്ബാൻ പതിനഞ്ച് രാത്രിയിൽ, മരണപ്പെട്ടവ രുമായിട്ടുള്ള ബന്ധം തുറക്കപ്പെടുന്ന രാത്രിയാണ് ശഅ്ബാൻ പതിനഞ്ചും പിറ്റേദിവസവും എന്ന വിശ്വാസം ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ ഉള്ള വിശ്വാസമല്ല. ഈ പറയപ്പെട്ട കാര്യങ്ങളോ, പള്ളിക്കു ചുറ്റും വിളക്കുകൾ കത്തിക്കൽ, ദീപാലങ്കരങ്ങൾ നടത്തൽ, ഇന്നും ചില മുസ്ലീംങ്ങൾ നടത്തുന്ന ഈ ആചാരങ്ങൾ ഒഴിവാക്കേണ്ടതു തന്നെയാണ്. ഇസ്ലാമുമായി ഇതിന് യാതൊരു ബന്ധവുമില്ല.

എല്ലാ രാത്രിയിലേയും അവസാനയാമങ്ങളിൽ പ്രത്യേക ഇബാദത്ത് ചെയ്യുക എന്നത് ആദരണീയ നായ നബി (സ) യുടെ മാതൃക തന്നെയാണ്. ആ ഇബാദത്ത് ശഅ്ബാൻ 15 നോ മറ്റേതെങ്കിലും രാത്രിയെന്നോ പരിമിതപ്പെടുത്തിയിട്ടില്ല. ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. വിശുദ്ധ പ്രവാചകൻ രാത്രി യുടെ ആദ്യയാമങ്ങളിൽ ഉറങ്ങാൻ പോവുകയും അവസാന യാമങ്ങളിൽ, ഉണർന്നു ആരാധന നടത്തുകയും ചെയ്യുക പതിവായിരുന്നു. (ബുഖാരി, മുസ്ലീം) **“എല്ലാ ദിവസവും രാത്രിയുടെ അവസാന യാമങ്ങളിൽ അല്ലാഹു (ത) സമീപാകാശത്ത് ഇറങ്ങി വരുന്നു. ”**(ബുഖാരി) ഇത് ശഅ്ബാൻ പതിനഞ്ച് രാത്രിയെന്ന് പരിമിതപ്പെടു

ത്തിയിട്ടില്ല. ശവകുടീരങ്ങൾ സന്ദർശിക്കുക എന്നത്, ഈ രാത്രിയുടെ ഒരു പ്രത്യേകതയുമല്ല. മറ്റു പ്രബല തെളിവുകളാൽ തെളിയിക്കപ്പെട്ടിട്ടുള്ളതുമാകുന്നു, രാത്രിയുടെ അവസാനയാമങ്ങളിൽ പലപ്പോഴും പല രാത്രികളിലും നബികരീം (സ) ശ്മാശാനങ്ങൾ സന്ദർശിച്ചിരുന്നുവെന്ന് ! നിങ്ങൾ മനസ്സിലാക്കണം ധാരാളം പ്രാർത്ഥിക്കുന്നത് ഒരു പാപമല്ല. (ഫർസ് ആകട്ടെ നഫ്ൽ ആകട്ടെ) ശഅ്ബാൻ പതിനഞ്ച് മദ്ധ്യ രാത്രിയിൽ, അഥവാ ശഅ്ബാൻ മാസം മുഴുവനും പ്രാർത്ഥിക്കുന്നതും ഒരു കുറ്റമല്ല. എന്നാൽ വിശുദ്ധ പ്രവാചകൻ (സ) ചെയ്യാത്ത, പറയാത്ത കാര്യങ്ങൾ പുതുതായി ചേർക്കുന്നത് പാപം തന്നെയാണ്; മാത്രവുമല്ല കുറ്റവുമാണ്.

ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദ് റസൂലുല്ലാഹി എന്ന കലിമയിൽ വിശ്വസിക്കുന്ന മുസ്ലീം സഹോദരീ സഹോദരന്മാർ നബീകരീം (സ) കാണിച്ചു തരാത്ത പറയാത്ത ഇത്തരം ആചാരങ്ങളും അനുഷ്ഠാനങ്ങളും നടത്തുന്നത് ദൗർഭാഗ്യകരം എന്നല്ലാതെ എന്ത് പറയുവാനാണ് ? ലൈലത്തുൽ ഖദ്ർനെക്കാളും അനുഗ്യഹീത റമദാൻ മാസത്തെക്കാളും മഹത്വമുള്ള രാത്രിയാണ് ശഅ്ബാൻ പതിനഞ്ച് എന്ന് പ്രചരിപ്പിക്കുന്ന, ചിന്താസ്കൂളുകൾ, സത്യത്തിൽ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളുടെ അടിത്തറ തോണ്ടുന്നതാണ്.

അല്ലാഹു (ത) ഓരോരുത്തരുടെയും ഉദ്ദേശങ്ങൾക്കനുസ്യതമായി വിധിക്കുന്നതാണ്. യഥാർത്ഥമായി അവനെ തേടുന്നവർക്ക്, അല്ലാഹു (ത) അവർക്ക് പൊറുത്തു കൊടുക്കുന്നതാണ്; അവരെ അവന്റെ കാരുണ്യവലയത്തിൽ ഉൾപ്പെടുത്തുന്നതുമാണ്. അവരെ അവൻ അവനായി സർവ്വതും സമർപ്പിച്ചവരാക്കിമാറ്റി. ഏറ്റവും വലിയ ഉദാഹരണം, മാനവ കുലോത്തമനും മാനവ മാതൃകയുമായ മുഹമ്മദ് (സ) തന്നെയാണ്. അദ്ദേഹം മതത്തിന്റെ വില എന്തെന്ന് പഠിപ്പിച്ചു. അല്ലാഹുവിലേക്ക് എത്തുന്നതിനുള്ള വഴിയും തെളിവും നൽകി. സാത്താനിൽ നിന്നും അവന്റെ സൈന്യത്തിൽ നിന്നും അതായത് എല്ലാവിധ തിന്മകളിൽ നിന്നും രക്ഷപ്പെടുവാനുള്ള മാർഗ്ഗവും കാണിച്ചു തന്നു. അവനും സൈന്യവും എപ്പോഴും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്ന് തടയുന്നതിനുള്ള പ്രവർത്തനങ്ങളും ചിന്തകളും നമുക്ക് നൽകുന്നതാണ്. കരുതിയിരിക്കുക !

അല്ലാഹു (ത) നമ്മെ തെറ്റായ ദീൻ സൃഷ്ടിക്കുന്നതിൽ നിന്ന് കാത്തു രക്ഷിക്കട്ടെ ! അല്ലാഹു (ത) അവന്റെ കാരുണ്യത്തിൽ നമുക്ക് അഭയം നൽകട്ടെ ! വരുന്ന റമദാനിൽ ദൈവീകാനുഗ്രഹത്തിനുള്ള തൗഫീഖ് നമുക്കെല്ലാപേർക്കും ലഭിക്കട്ടെ ! പിശാചിന്റെ ഒരു പ്രേരണയ്ക്കും നാം വശംവദരാകാതിരിക്കട്ടെ! ആമീൻ. സുമ്മആമീൻ യാറബ്ബൽ ആലമീൻ.

## റിപ്പബ്ലിക്ക് ഓഫ് മൗറീഷ്യസിന്റെ പ്രസിഡന്റായി ഡോക്ടർ ബീബി അമീനാ ഗുരിബ് ഫക്കീമിനെ നിയമിക്കുന്നു.

2015 ജൂൺ 5 വെള്ളിയാഴ്ച ഡോ. ബീബി അമീന റിപ്പബ്ലിക്ക് ഓഫ് മൗറീഷ്യസിന്റെ പ്രസിഡന്റായി സത്യ പ്രതിജ്ഞ ചെയ്തു. ഇന്നലെ പ്രധാന മന്ത്രി സർ ജുഗ്നാഥ് അനീരുഥ്ന്റെ അദ്ധ്യക്ഷതയിൽ പാർലമെന്റ് കൂടി 11.20ന് ഐക്യകണ്ഠേന ഡോ. ബീബി അമീനയെ തെരഞ്ഞെടുക്കുകയുണ്ടായി.

എന്റെ പേരിലും (ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫ) ദേശീയ, അന്തർദേശീയ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിലും ഞങ്ങളുടെ ആത്മാർത്ഥ അഭിനന്ദനങ്ങൾ അറിയിക്കുന്നു. അല്ലാഹു (ത) അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ സഹായിക്കട്ടെ ! അതിലൂടെ അവർ രാജ്യത്തിന് സേവനം ചെയ്യട്ടെ ! ഈ ഔന്നത്യത്തിലിരുന്നുകൊണ്ട് അവർ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾ എല്ലാവരുടെയും മുമ്പിൽ വിശദീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു (അവരുടെ പെരുമാറ്റങ്ങളിലൂടെയും തത്വങ്ങളിലൂടെയും) ഇൻശാ അല്ലാഹ്!

ഈ സ്ഥാനം ഈ ലോകത്ത് ഒരു ബഹുമതി തന്നെയാണ്. എന്നാൽ ഇൻശാ അല്ലാഹ് ഒരു വിശ്വാസി എന്ന നിലയിൽ പ്രവർത്തിക്കുവാനുള്ള കഴിവ് അല്ലാഹു അവർക്ക് നൽകട്ടെ ! ഇസ്ലാമിന്റെ അദ്ധ്യാപനം മറന്നുപോകുന്ന അവസ്ഥയിലാകരുത്. കാരണം ഈ അദ്ധ്യാപനങ്ങൾ അവർ പ്രവാർത്തികമാക്കേണ്ടതുണ്ട്.

ഈ സ്ഥാനം സൃഷ്ടാവിനെ അവമതിക്കുവാനാകരുത്. ഒരു അമുസ്ലീം രാജ്യത്ത് കഴിയുന്ന നാം വിശുദ്ധ ഖുർ ആന്റെയും നബികരീം (സ) ന്റെയും അദ്ധ്യാപനങ്ങൾക്കു എതിരായി ചെയ്യണം എന്ന് ധരിക്കരുത്. ഇസ്ലാമിന്റെ സുന്ദര സൗന്ദര്യം മറ്റുള്ളവർക്ക് നാം പകർന്നു കൊടുക്കണം; സ്ത്രീകളുടെ മാന്യത സംരക്ഷിച്ചു കൊണ്ട് തന്നെ എന്നാൽ നാളെ അല്ലാഹുവിനെ അനുസരിക്കാതായാൽ, ആരാണ് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുക ? നാനാത്വത്തിൽ അധിഷ്ഠിതമായ ജീവിതത്തിൽ സൃഷ്ടാവിനെ അനുസരിക്കാതിരിക്കുവാനുള്ള അവസരങ്ങളുണ്ട്. ഖുർ ആന്റെ അദ്ധ്യാപനം വ്യക്തമാണ്. **“ നന്മയിൽ സഹകരിക്കുക, തിന്മയിൽ വിട്ടു നിൽക്കുക”**

ഞങ്ങൾ മനസ്സിലാക്കുന്നു, രാഷ്ട്രത്തിന്റെ പ്രധാനി എന്ന നിലയിൽ വളരെ ആദരണീയമായ ഒരു പദവിയിലാണ് അങ്ങ് എന്ന് ! എന്നാൽ അധികാരമില്ലാതെ, നിങ്ങൾ ഏറ്റെടുക്കുന്ന സ്ഥാനത്തെപ്പറ്റി, ഞങ്ങളുടെ സഹോദരി ഗുരീബ് ഫക്കീം ഇന്നുമുതൽ ചിന്തിക്കേണ്ടതാണ് ! ഏതാണ് നല്ലത് ? സൃഷ്ടാവിനെയും അവന്റെ പ്രവാചകനെയും അനുസരിക്കേണമോ, അതോ മൗറീഷ്യസ് ഗവൺമെന്റിനേയും മൗറീഷ്യസ് പ്രധാനമന്ത്രിയേയും അനുസരിക്കേണമോ ? ശരി, കാലം തെളിയിക്കട്ടെ ! ഇൻശാ അല്ലാഹ് ! ഞങ്ങൾ പ്രാർത്ഥിക്കുന്നു. ദൈവീക അധ്യാപനങ്ങളനുസരിച്ച് അവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ അല്ലാഹു (ത) അവരെ സഹായിക്കട്ടെ ! ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 9495207982 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************